Regd

"ഭരണ ഭാഷ-മാതൃഭാഷ"

നമ്പർ- എ-2940/17

ജില്ലാ സാമൂഹ്യ നീതി ഓഫീസ്,
കോഴിക്കോട്, തിയതി : 10/08/2017.

ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
കോഴിക്കോട്.

Adv.R.രാജേന്ദ്രൻ
നെടിയവിള പുത്തൻ വീട്
വണ്ടിത്തടം, വെള്ളായണി പി.ഒ
തിരുവനന്തപുരം

സർ,

വിഷയം:ജില്ലാസാമൂഹ്യനീതിഓഫീസ്,കോഴിക്കോട്-വിവരാവകാശ നിയമം -2005 -മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന:സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ 31/07/2017 ലെ എച്ച്4/245/17 നം.കത്ത്.

---

വിവരാവകാശനിയമം 2005 പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങളിൽ ഈ കാര്യാലയവുമായി ബന്ധപ്പെട്ടത് താഴെ ചേർക്കുന്നു.

സാമൂഹ്യനീതി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ഓരോ കാലയളവിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വിവിധ വകുപ്പുകളിൽ വിവിധ കാലയളവുകളിൽ ജോലി ചെയ്ത ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികളുടെ രേഖകൾ പരിശോധിച്ച് അർഹരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് സാമൂഹ്യനീതിഡയറക്ടർക്ക് സമർപ്പിക്കുകയാണ് ഈ കാര്യാലയത്തിൽ നിന്നും ചെയ്യുന്നത്. ടി ജീവനക്കാരെ സർക്കാർ ജോലിയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവ് ഈ കാര്യാലയത്തിൽ ലഭ്യമല്ല.

സാമൂഹ്യനീതിവകുപ്പിന്റെ 10/03/2017 ലെ സ.ഉ(പി)നം.04/17 പ്രകാരം സ്ഥിരപ്പെടുത്തിയ ഭിന്നശേഷിക്കാരുടെ ലിസ്റ്റ് സാമൂഹ്യനീതിഡയറക്ടറേറ്റിൽ നിന്നും ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതന്നിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിൽ 16/08/1999 മുതൽ 31/12/2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വിവിധ വകുപ്പുകളിൽ ജോലി ചെയ്യുകയും 179 ദിവസം പൂർത്തീകരിക്കാൻ സാധിക്കുകയും ചെയ്യാത്ത കോഴിക്കോട് ജില്ലയിൽ നിന്നുള്ള 9 പേർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്. എന്നാൽ ടി ഉദ്യോഗാർത്ഥികൾ ഏത് വൈകല്യവിഭാഗത്തിൽ പെട്ടവരാണെന്നുള്ള വിവരം ഈ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടില്ല.

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യ നീതി ഓഫീസർ
കോഴിക്കോട്

DESPATCHED
14/8/2017